ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(സി, ഡി) സർക്കാരിന്റെ വിഭവലഭ്യതയ്ക്കനുസരണമായിട്ടാണ് ചെലവുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. സ്വാഭാവികമായും എല്ലാ സാമ്പത്തിക വർഷത്തിന്റെയും അവസാന മൂന്ന് മാസങ്ങളിലായിട്ടാണ് സർക്കാരിന്റെ വരുമാനത്തിൽ വർദ്ധനവ് വരുന്നതും, അതിനനുസരണമായി കൂടുതൽ ചെലവ് ചെയ്യേണ്ടി വരുന്നതും. ഭരണാനുമതി ലഭിക്കുന്നതിനും മറ്റു നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിലുള്ള കാലതാമസവും ഇതിന് കാരണമാണ്.

(ഇ) 2000-01, 2001-02, 2002-03 എന്നീ വർഷങ്ങളിലെ മൊത്തം ബഡ്ജറ്റ് അലോട്ടുമെന്റ് ഇപ്രകാരമാണ്:

2000-01	..	13344.76 കോടി രൂപ
2001-02	..	13993.72 കോടി രൂപ
2002-03	..	16397.08 കോടി രൂപ

അക്കൗണ്ട് ജനറലിന്റെ കണക്കുപ്രകാരം 2000-01, 2001-02, 2002-03 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോന്നും വിവിധ വകുപ്പുകളിലായി മാർച്ച് മാസം മാത്രം മാറിയെടുത്ത മൊത്തം തുക ഇപ്രകാരമാണ്:

2001 മാർച്ച്	..	2014.24 കോടി രൂപ
2002 മാർച്ച്	..	2348.93 കോടി രൂപ
2003 മാർച്ച്	..	2983.31 കോടി രൂപ

(എഫ്) വികസന പ്രവർത്തനങ്ങൾക്ക് ഉതകുന്ന വിധത്തിൽ fund flow ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം മാസാമാസം അനുവദിക്കുവാനും ടി തുകകൾ ട്രഷറി നിയന്ത്രണത്തിൽ നിന്നു പൂർണ്ണമായി ഒഴിവാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾക്കുള്ള വിഹിതം മാസാമാസം അനുവദിക്കുന്നുണ്ട്.

കുടുംബ പെൻഷൻ ലഭിക്കുന്ന അനന്തരാവകാശികൾ

12 [4750] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള കുടുംബ പെൻഷൻ നിലവിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട അനന്തരാവകാശികൾക്കാണ് ലഭിക്കുന്നത്;

(ബി) അന്ധരോ, ബുദ്ധിമാന്ദ്യം സംഭവിച്ചവരോ ആയ മക്കൾ, വിധവകളോ വിവാഹമോചനം നേടി മറ്റൊരു വിവാഹം കഴിക്കാത്തവരോ ആയ പെൺമക്കൾ എന്നിവരെക്കൂടി കുടുംബ പെൻഷൻ ലഭിക്കുന്നതിനുള്ള അനന്തരാവകാശികളുടെ പട്ടികയിൽപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താഴെ കാണിച്ചിട്ടുള്ള മുൻഗണനാക്രമം കുടുംബ പെൻഷൻ അനുവദിക്കുന്നതിൽ അനുവർത്തിക്കുന്നു:

1. ജീവനക്കാരന്റെ ഭാര്യ
2. ജീവനക്കാരിയുടെ ഭർത്താവ്
3. അർഹതയുള്ള ഏറ്റവും പ്രായമുള്ള സന്താനം (പ്രായക്രമമനുസരിച്ച്)
4. ശാരീരികമോ മാനസികമോ ആയ വൈകല്യമോ കുറവോ ഉള്ള കുട്ടികൾ
5. 25 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകളായ പെൺമക്കൾ
6. റിട്ടയർമെന്റിന് മുമ്പ് നിയമപരമായി ദത്തെടുത്ത മകൻ/മകൾ
7. മാതാപിതാക്കൾ (തുല്യ അവകാശം)
8. നിയമപരമായി ബന്ധം വേർപ്പെടുത്തിയ ഭാര്യ
9. നിയമപരമായി ബന്ധം വേർപ്പെടുത്തിയ ഭർത്താവ്
10. അംഗവൈകല്യമുള്ള വിവാഹമോചനം നേടിയ പെൺമക്കൾ
11. അംഗവൈകല്യമുള്ള വിധവകളായ പെൺമക്കൾ.

(18-5-2002-ലെ ജി.ഒ.(പി) 387/02/ധന. ഉത്തരവ്)

(ബി) ബുദ്ധിമാന്ദ്യം സംഭവിച്ചവരോ അന്ധരോ ആയ മക്കളെ അനന്തരാവകാശികളുടെ പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്. അംഗവൈകല്യം ഉള്ള വിധവകളെയും വിവാഹമോചിതരെയും പട്ടികയിൽ ചേർത്തിട്ടുണ്ട്. വിവാഹമോചനം നേടി മറ്റൊരു വിവാഹം കഴിക്കാത്ത പെൺമക്കളെ ഈ പട്ടികയിൽ ചേർക്കുന്നതിന് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ദേശീയ സമ്പാദ്യ പദ്ധതിയിനത്തിൽ കൂടുതൽ പണം ശേഖരിക്കുന്നതിനുള്ള പ്രോത്സാഹനം

13 [4751] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും ദേശീയ സമ്പാദ്യ പദ്ധതിയിനത്തിൽ കൂടുതൽ പണം ശേഖരിക്കുവാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് ഇപ്പോൾ നൽകുന്നത്;

LIBRARY ARCHIVES Kerala Legislative Assembly